compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 26
Tuesday, 26th August 2025

1201 ചിങ്ങം 10
10th Chingam 1201

1947 ഭാദ്രം 4
4th Bhadra 1947

വാല്യം 14
Vol. XIV

നമ്പർ / **No.** **34**

Part III

Survey and Land Records

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1961-ലെ കേരള സർവെയും അതിരടയാളവും ആക്ട് 9(2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്

ADTVM/336/2025-D1 **തിയ്യതി – 16.08.2025**

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽപ്പെട്ട മണമ്പൂർ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവെ കേരള സർവെയും അതിരടയാളവും ആക്ട് 9(1) പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവെ റിക്കാർഡുകൾ "എന്റെ ഭൂമി" പോർട്ടലിലും, മണമ്പൂർ വില്ലേജിന്റെ ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂവുടമസ്ഥർക്ക് **https://survey.entebhoomi.kerala.gov.in** എന്ന പോർട്ടൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്. കൂടാതെ മണമ്പൂർ ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനം പ്രയോജനപ്പെടുത്തി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ റിക്കാർഡുകൾ പരിശോധിക്കാവുന്നതുമാണ്. പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള റിക്കാർഡുകളിൽമേൽ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം തിരുവനന്തപുരം റീസർവെ സൂപ്രണ്ടിന് ഫോറം 160 ൽ നേരിട്ടോ, "എന്റെ ഭൂമി" പോർട്ടൽ മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിതദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്ത പക്ഷം റീസർവെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരു വിവരം, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവെ അതിരടയാള നിയമം വകുപ്പ് 13 അനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവെ സമയത്ത് തർക്കം ഉന്നയിച്ച് സർവെ അതിരടയാളനിയമം വകുപ്പ് 10 ഉപവകുപ്പ് 2 പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂവുടമസ്ഥർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കുന്നതല്ല.

വില്ലേജിന്റെ പേര്	നിലവിലെ സർവെ നമ്പർ	ഡിജിറ്റൽ സർവെ ബ്ലോക്ക് നമ്പർ	ഡിജിറ്റൽ റീസർവെ നമ്പർ	റിക്കാർഡുകൾ പരിശോധനയ്ക്കായി വെച്ചിരിക്കുന്ന ഓഫീസ്
മണമ്പൂർ	<u>മുനിസിപ്പാലിറ്റി ഏരിയ</u> ബ്ലോക്ക് നം. 9 – 1 to 68 ബ്ലോക്ക് നം. 10 – 1 to 75 ബ്ലോക്ക് നം. 11 – 1 to 68 ബ്ലോക്ക് നം. 12 – 1 to 90 ബ്ലോക്ക് നം. 13 – 1 to 60 ബ്ലോക്ക് നം. 14 – 1 to 59 ബ്ലോക്ക് നം. 15 – 1 to 47 ബ്ലോക്ക് നം. 16 – 1 to 40 <u>പഞ്ചായത്ത് ഏരിയ</u> ബ്ലോക്ക് നം. 17 – 1 to 400 ബ്ലോക്ക് നം. 18 – 1 to 441	1 മുതൽ 95 വരെ	-	മണമ്പൂർ ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസ് , പഴയ VEO ഓഫീസ് കെട്ടിടം പറങ്കിമാംവിള (ഹരിതകർമ്മസേന ഓഫീസ് സമുച്ചയം) ചാത്തൻപാറ, തോട്ടയ്ക്കാട് .പി.ഒ - 695605

(ഒപ്പ്)
വിജയ്.ജെ.വി, ഹെഡ് സർവെയർ
മണമ്പൂർ വില്ലേജ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(നോട്ട് :- "എന്റെ ഭൂമി" പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്നവിധം - "എന്റെ ഭൂമി" പോർട്ടലിൽ (http://survey.entebhoomi.kerala.gov.in) ഭൂവുടമയുടെ ഫോൺ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാവുന്നതും തുടർന്ന് ലഭ്യമാകുന്ന യൂസർ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം തങ്ങളുടെ ഭൂവിവരങ്ങൾ പരിശോധിക്കാവുന്നതുമാണ്).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർവെ അതിരടയാള ആക്ട് – 1961
13–ാം വകുപ്പ് പ്രകാരമുള്ള പരസ്യം

ഡി1– 259/21

1. പത്തനംതിട്ട ജില്ല മല്ലപ്പള്ളി താലുക്കിലെ പെരുമ്പെട്ടി വില്ലേജിന്റെ താഴെ പറയുന്ന പ്രദേശങ്ങളിൽ ഡിജിറ്റൽ സർവെ പൂർത്തിയായതായി 1961 ലെ കേരള സർവെ അതിരടയാള ആക്ടിലെ (1961 ലെ 37–ാം മത് ആക്ട്) വകുപ്പ് 13 പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

2. പ്രസ്തുത ആക്ടിലെ 13A, 14 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്ന സർവെ റിക്കാർഡുകൾ ഭേദഗതി ചെയ്യപ്പെടുന്നില്ലെങ്കിൽ ഈ സർവെ റിക്കാർഡ് അതിൽ നിർണ്ണയിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള അതിരുകൾ ശരിയായി നിർണ്ണയിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നതിന്റെ തർക്കമറ്റ തെളിവായിരിക്കുന്നതാണ്.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

പ്രദേശത്തിന്റെ വിവരം (ഡിജിറ്റൽ റി സർവ്വേ റെക്കോർഡ് പ്രകാരം)

ജില്ല : പത്തനംതിട്ട
താലൂക്ക് : മല്ലപ്പള്ളി
വില്ലേജ് : പെരുമ്പെട്ടി
ഡിജിറ്റൽ ബ്ലോക്ക് നമ്പർ : 1 മുതൽ 98 വരെ

(ഒപ്പ്)
കെ ബിജു
അസിസ്റ്റന്റ് ഡയറക്ടർ
സർവെ (റേഞ്ച്) പത്തനംതിട്ട

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Kerala Survey and Boundaries Act – 1961
Notification under Section 13

D1– 259/21

1. It is hereby notified under Section 13 of the Kerala Survey and Boundaries Act, 1961 (Act 37 of 1961) that the Digital Survey in the following areas of the Perumpetty village in the Mallapally taluk of Pathanamthitta district has been completed.

2. These survey records shall serve as indisputable evidence that the boundaries therein determined and recorded have been accurately and correctly established unless amended under the provisions of Sections 13A and 14 of the said Act.

Land information : (as per Digital Survey Record)

District : Pathanamthitta
Taluk : Mallapally
Village : Perumpetty
Digital Block No. : 1 to 98

(sd/–)
K Biju
Assistant Director
Survey (Range) Pathanmathitta

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1961 ലെ 37ം ആകട് ആയ കേരള സർവെ അതിരടയാള നിയമത്തിലെ 9ം വകുപ്പ്

2ം ഉപവകുപ്പ് അനുസരിച്ച് പരസ്യപ്പെടുത്തുന്ന നോട്ടീസ്

നമ്പർ : ബി 2- 101/2025 തീയതി : 18/08/2025

പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽപ്പെട്ട വണ്ടാഴി 1 വില്ലേജിൽ ഉൾപ്പെട്ടു വരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവെ കേരള സർവെയും അതിരടയാളവും ആകട് 9(1) പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവെ റിക്കാർഡുകൾ 'എന്റെഭൂമി' പോർട്ടലിലും,ഡിജിറ്റൽസർവ്വെക്യാമ്പ്ഓഫീസിലും(സി.കെ.കുന്ന്,സി.വി.എം.യു.പിസ്കൂളിന്സമീപം,മോസ്കോമുക്ക്,വണ്ടാഴി),,വണ്ടാഴി1വില്ലേജ്ഓഫീസിലുംപ്രദർശിപ്പിച്ചിട്ടുണ്ട്.ഭൂവുടമസ്ഥർക്ക്.https://entebhoomi.kerala.gov.in പോർട്ടൽ സന്ദർശിച്ച് ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്. കൂടാതെ ക്യാമ്പ് ഓഫീസിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനം പ്രയോജനപ്പെടുത്തി പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സർവെ റിക്കാർഡുകളിന്മേൽ ആക്ഷേപമുള്ള പക്ഷം ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസങ്ങൾക്കകം പാലക്കാട് റീസർവെ അസിസ്റ്റന്റ് ഡയറക്ടർക്ക് ഫോറം 160 ൽ നേരിട്ടോ 'എന്റെ ഭൂമി' പോർട്ടൽ മുഖേന ഓൺലൈനായോ അപീൽ സമർപ്പിക്കാവുന്നതാണ്. നിശ്ചിത ദിവസങ്ങൾക്കകം അപീൽ സമർപ്പിക്കാത്ത പക്ഷം റീസർവെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരുവിവരം, അളവുകൾ, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവെ അതിരടയാള നിയമം വകുപ്പ് (13) അനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവെ സമയത്ത് തർക്കം ഉന്നയിച്ച് സർവെ അതിരടയാള നിയമം വകുപ്പ് (10) ഉപവകുപ്പ് (2) പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂവുടമസ്ഥർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കുന്നതല്ല.

താലൂക്ക്	വില്ലേജിന്റെ പേര്	റീ സർവെ നമ്പർ	ഡിജിറ്റൽ റീസർവെ ബ്ലോക്ക് നമ്പർ	റിക്കാർഡുകളുടെ പരിശോധനയ്ക്കായി വെച്ചിരിക്കുന്ന ഓഫീസ്
ആലത്തൂർ	വണ്ടാഴി 1	ബ്ലോക്ക്-48 സർവ്വെ നമ്പർ-1 മുതൽ 599 വരെ ബ്ലോക്ക്-49 സർവ്വെ നമ്പർ-1 മുതൽ 229 വരെ	1 മുതൽ 79 വരെ	1) ക്യാമ്പ് ഓഫീസ് (സി.കെ.കുന്ന്,സി.വി.എം.യു.പി സ്കൂളിന് സമീപം,മോസ്കോമുക്ക്,വണ്ടാഴി) 2)വില്ലേജ് ഓഫീസ് വണ്ടാഴി 1

(ഒപ്പ്)

സർവെ സൂപ്രണ്ടിന്റെ കാര്യാലയം

റീസർവെ പട്ടാമ്പി

അബ്ദുൾ റഹിം

ഹെഡ് സർവ്വെയർ
സർവെ സൂപ്രണ്ടിന്റെ കാര്യാലയം
റീസർവെ പട്ടാമ്പി

(കുറിപ്പ് - എന്റെ ഭൂമി പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്ന വിധം - എന്റെ ഭൂമി പോർട്ടലിൽ (https://entebhoomi.kerala.gov.in) ഭൂവുടമയുടെ ഫോൺ നമ്പർ ഉപയോഗിച്ച് യൂസർ രജിസ്റ്റർ ചെയ്യാവുന്നതും, തുടർന്ന് ലഭ്യമാകുന്ന യൂസർ ഐ.ഡി യും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം ഭൂവിവരങ്ങൾ പരിശോധിക്കാവുന്നതുമാണ്)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1961ലെ കേരള സർവെയും അതിരടയാളവും ആക്റ്റ്, വകുപ്പ് 9(2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്

ADMLPM/122/2025-D1

മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽപ്പെട്ട അരിയല്ലൂർ വില്ലേജിൽ ഉൾപ്പെട്ടു വരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ റീസർവെ 1961 ലെ കേരള സർവെയും അതിരടയാളവും ആക്റ്റ്, വകുപ്പ് 9(1) പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ റീസർവെ റിക്കാർഡുകൾ "എന്റെ ഭൂമി" വെബ് പോർട്ടലിലും വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷനു സമീപം പ്രവർത്തിക്കുന്ന അരിയല്ലൂർ വില്ലേജ് ഡിജിറ്റൽ റീസർവെ ക്യാമ്പ് ഓഫീസിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂവുടമസ്ഥർക്ക് https://entebhoomi.kerala.gov.in പോർട്ടൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായും ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ടി ക്യാമ്പ് ഓഫീസിൽ നേരിട്ടും റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പരിശോധനയിൽ, രേഖപ്പെടുത്തിയിട്ടുള്ള റിക്കാർഡുകളിൻമേൽ ആക്ഷേപമുള്ളപക്ഷം ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം തിരൂർ റീസർവെ സൂപ്രണ്ടിന് ഫോറം 160 ൽ നേരിട്ടോ "എന്റെ ഭൂമി" പോർട്ടലിൽ ഓൺലൈനായോ അപ്പീൽ നൽകാവുന്നതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ നൽകാത്ത പക്ഷം ഡിജിറ്റൽ റീസർവെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരുവിവരം, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവെ അതിരടയാള നിയമം വകുപ്പ് 13 അനുസരിച്ചുള്ള വിജ്ഞാപനം പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവെ സമയത്ത് തർക്കം ഉന്നയിച്ച് സർവെ അതിരടയാള നിയമം വകുപ്പ് 10 ഉപവകുപ്പ് 2 പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂവുടമസ്ഥന്മാർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കുന്നതല്ല.

വില്ലേജിന്റെ പേര്	റീ സർവെ നമ്പർ	ഡിജിറ്റൽ റീസർവെ ബ്ലോക്ക് നമ്പർ	റിക്കാർഡുകൾ പരിശോധനയ്ക്കായി വെച്ചിരിക്കുന്ന സ്ഥലം
അരിയല്ലൂർ	ബ്ലോക്ക് നമ്പർ 6 സർവെ നമ്പർ 1 മുതൽ 752 വരെ	1 മുതൽ 86 വരെ	അരിയല്ലൂർ വില്ലേജ് ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസ്, വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷനു സമീപം, അരിയല്ലൂർ. പി.ഒ

(ഒപ്പ്/-)
മനോജ്. ബി
ഹെഡ് സർവെയർ
ഡിജിറ്റൽ റീസർവെ, അരിയല്ലൂർ വില്ലേജ്

(കുറിപ്പ് : "എന്റെ ഭൂമി" പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്ന വിധം - "എന്റെ ഭൂമി" പോർട്ടലിൽ https://entebhoomi.kerala.gov.in ഭൂവുടമയുടെ ഫോൺ നമ്പർ ഉപയോഗിച്ച് യൂസർ രജിസ്റ്റർ ചെയ്യാവുന്നതും, തുടർന്ന് ലഭ്യമാകുന്ന യൂസർ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം തങ്ങളുടെ ഭൂവിവരങ്ങൾ പരിശോധിക്കാവുന്നതുമാണ്.)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.26 03:13:46 +05:30